**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1502** **01-07-2026-ൽ മറുപടിയ്ക്ക്**

**പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുൻ സർക്കാർ നിയോഗിച്ച പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടി നൽകുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

**മറുപടി:** മുൻ ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയി അധ്യക്ഷനായി രൂപീകരിച്ച 12-ാം ശമ്പള പരിഷ്കരണ കമ്മീഷന് 05.03.2026-ലെ ഉത്തരവ് പ്രകാരമാണ് പരിഗണനാ വിഷയങ്ങൾ (Terms of reference) നിശ്ചയിച്ച് നൽകിയത്. ഈ ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനായിരുന്നു സർക്കാർ കമ്മീഷനോട് നിർദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത മൂന്ന് മാസത്തെ കാലാവധി നിലവിൽ പൂർത്തിയായിട്ടുണ്ടെങ്കിലും കമ്മീഷൻ ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെയും ലക്ഷക്കണക്കിന് വരുന്ന ജീവനക്കാരുടെ ജീവിതത്തെയും ബാധിക്കുന്ന സുപ്രധാനമായ ഒരു വിഷയമായതിനാൽ വളരെ വിപുലമായ നടപടിക്രമങ്ങളിലൂടെ മാത്രമേ ശമ്പള പരിഷ്കരണത്തിൽ ഒരു സമഗ്ര റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. വിവിധ സർവീസ് സംഘടനകളിൽ നിന്നുള്ള നിവേദനങ്ങൾ സ്വീകരിക്കുക, തെളിവെടുപ്പുകൾ നടത്തുക, വ്യത്യസ്ത വകുപ്പുകളിലെ തസ്തികകളും ശമ്പള സ്കെയിലുകളും സൂക്ഷ്മമായി പരിശോധിക്കുക തുടങ്ങിയ വലിയ രീതിയിലുള്ള വിവരശേഖരണം ഇതിനായി ആവശ്യമാണ്. കമ്മീഷന്റെ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ, ഈ വിവരശേഖരണവും മറ്റ് നടപടികളും പൂർത്തിയാക്കി പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനായി കമ്മീഷന്റെ കാലാവധി അനുയോജ്യമായ രീതിയിൽ ദീർഘിപ്പിച്ച് നൽകണമോ എന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**(ബി)** പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കും വരെ കമ്മീഷനിലെ ജീവനക്കാരെ തുടരാൻ അനുവദിക്കുമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** മുൻ സർക്കാർ അവതരിപ്പിച്ച ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ, 2026 - 27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ ഡിയർനെസ് അലവൻസ് ഇനത്തിൽ വകയിരുത്തിയ തുകയിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 16-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കിയതും പ്രതീക്ഷിത കേന്ദ്ര വിഹിതത്തിൽ ഉണ്ടാകുന്ന കുറവും കാരണം 2026-27 സാമ്പത്തിക വർഷത്തേക്കുള്ള ആദ്യ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന വരുമാനത്തിൽ കുറവുണ്ടായി. ഇപ്രകാരം സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയിലുണ്ടായ കുറവിനനുസൃതമായി പദ്ധതിയേതര ചെലവുകളിലും യുക്തിസഹമായ ക്രമീകരണം നടത്തിയിട്ടുണ്ട്. എന്നാൽ, നിലവിൽ ജീവനക്കാർക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന ക്ഷാമബത്തയും 2026 വർഷത്തിൽ ലഭ്യമാകേണ്ട 2 ഗഡു ക്ഷാമബത്തയും അനുവദിക്കുന്നതിനുള്ള വിഹിതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**(ഡി)** ക്ഷാമബത്ത കൃത്യമായി വിതരണം ചെയ്യുമെന്ന് ബജറ്റിൽ പരാമർശിക്കുകയും എന്നാൽ പുതുക്കി അവതരിപ്പിച്ച ബജറ്റിലെ ആൾട്ടർനേഷൻ മെമ്മോറാണ്ടത്തിൽ ഡി.എ. കുറവ് ചെയ്തിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** ബജറ്റിൽ കുറവ് വന്നത് മൂലം ജീവനക്കാർക്ക് ഡി.എ. നൽകാൻ എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് പരിഗണിക്കുന്നത്; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**